**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **07-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പൊതുമരാമത്ത് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൊണ്ണൂറ്റഞ്ച് ശതമാനം ജല സാന്നിദ്ധ്യം ഉള്ള കുട്ടനാട്ടിലെ പൊതുമരാമത്തു ജോലികൾ ചെയ്യുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടനാട്ടിലെ പ്രത്യേക ഭൂപ്രകൃതി അനുസരിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസലുകളാണ് തയ്യാറാക്കാറുള്ളത്. ടി പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കെട്ടിട വിഭാഗത്തിനു കീഴിൽ ഉയർന്ന കോസ്റ്റ് ഇന്റക്സായ 'സായി കോസ്റ്റ് ഇന്റക്സ്' ഉപയോഗിച്ചാണ് നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. |
| (ബി) | പൊതുമരാമത്ത് ജോലികൾ കുട്ടനാട്ടിൽ സുഗമമായി നടത്താൻ കഴിയാത്ത വിധം തണ്ണീർത്തട നിയമവും, പാറ, മണ്ണ്, മറ്റു അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യതക്കുറവും മുഖേന ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് സമാന്തരമായി തണ്ണീർത്തട നിയമപ്രകാരമുള്ള അനുമതി മറ്റു വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി മുതലായവ ലഭിക്കുന്നതിലേക്കായുള്ള നടപടി സ്വീകരിച്ചു വരുന്നു. പാറ, മണ്ണ്, മറ്റു അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത കുറവുള്ളതിനാൽ കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളിൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഗവൺമെന്റ് അംഗീകരിച്ച അധിക കോസ്റ്റ് ഇൻഡെക്സ് (Sai Punnamada) പ്രകാരമുള്ള അടങ്കൽ തുകയാണ് വകയിരുത്തുന്നത്. |

സെക്ഷൻ ഓഫീസർ